"ഭരണഭാഷ - മാതൃഭാഷ"

നം. ICDS/B3-2841/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 03.11.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

കുരുന്നുകൾക്ക് ചിറകേകി 45 ന്റെ നിറവിൽ

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - WBNP 3rd ക്വാർട്ടർ അരി അനുവദിച്ചത് - അധിക അരി ലഭ്യമാക്കുന്നത് - ക്രമീകരണം - സംബന്ധിച്ച്

സൂചന: 1. 21.10.2020ലെ ഇതേ നമ്പർ കത്ത്
2. സ.ഉ (പി) നമ്പർ 20/98/സാക്ഷേവ തീയതി: 1998 ജൂൺ 26

കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ (1200 MTs) അലോക്കേഷന്റെ അടിസ്ഥാനത്തിലാണ് WBNP 3rd ക്വാർട്ടർ അരി അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രോഗ്രാം ഓഫീസർമാർ ആവശ്യപ്പെട്ട അളവിൽ അരി അനുവദിക്കാൻ സാധിച്ചിട്ടില്ല. കോവിഡ് -19ന്റെ പശ്ചാത്തലത്തിൽ അങ്കണവാടികളിൽ THR ആയി നൽകി വരുന്ന അരിയുടെ ആവശ്യകതയും വർദ്ധിച്ചിട്ടുണ്ട്.

അങ്കണവാടികളിൽ ആവശ്യമായ ഉച്ചഭക്ഷണത്തിന്റെ അളവോ, പോഷകമൂല്യമോ വർദ്ധിപ്പിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും ഇതിലേക്കാവശ്യമായ തുകയും അതത് പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ വഹിക്കേണ്ടതാണെന്നും സൂചന (2) ലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 3rd ക്വാർട്ടർ ലഭ്യമായിട്ടുള്ള WBNP അരി കുറവുള്ള പക്ഷം, ഭക്ഷ്യതടസ്സം ഒഴിവാക്കുന്നതിന് പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ വേണ്ട ക്രമീകരണങ്ങൾ ബന്ധപ്പെട്ട സൂപ്പർവൈസർ / സിഡിപിഒ ചെയ്യേണ്ടതാണ്. കേന്ദ്രസർക്കാരിൽ നിന്നും കൂടുതൽ അരി ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന പക്ഷം, അഡീഷണൽ അലോട്ട്മെന്റ് അനുവദിക്കുന്നതാണെന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

SK/20